പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ: 407

18.10.2011 ൽ മറുപടിയ്ക്ക്

## കായൽ ടൂറിസം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.ഐ.സി.ബാലകൃഷ്ണൻ<br>ശ്രീ.റ്റി.എൻ.പ്രതാപൻ<br>ശ്രീ.വർക്കല കഹാർ<br>ശ്രീ.വി.റ്റി.ബൽറാം | | ശ്രീ.എ.പി.അനിൽകുമാർ<br>(പട്ടികജാതി-പിന്നോക്ക സമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) | |
| (എ) | സംസ്ഥാനത്ത് കായൽ ടൂറിസം വികസനത്തിന് എന്തെല്ലാം പദ്ധതികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത് ; | (എ) | തിരുവനന്തപുരം ജില്ലയിലെ കഠിനംകുളം കായൽ ടൂറിസം സർക്യൂട്ട്.<br><br>കൊല്ലം ജില്ലയിലെ അഷ്ടമുടി കായൽ ടൂറിസം സർക്യൂട്ട്<br><br>ആലപ്പുഴ ജില്ലയിലെ സമഗ്ര കായൽ വികസന സർക്യൂട്ട് |
| (ബി) | പ്രസ്തുത പദ്ധതികൾക്ക് എത്ര കോടി രൂപയാണ് ചെലവ് പ്രതീക്ഷിക്കുന്നത്; | (ബി) | കഠിനകുളം കായൽ ടൂറിസം സർക്യൂട്ട് - 2,43,79,000/- രൂപ<br><br>അഷ്ടമുടി കായൽ ടൂറിസം സർക്യൂട്ട് 5,38,00,000/- രൂപ<br><br>ആലപ്പുഴ കായൽ ടൂറിസം സർക്യൂട്ടിന്റെ മാസ്റ്റർപ്ലാനിൽപ്പെട്ട പദ്ധതികൾ നടപ്പിലാക്കുന്നതിന് 520 കോടി രൂപ. ഇതിൽ 72 കോടി രൂപയുടെ പദ്ധതികൾ ടൂറിസം വകുപ്പ് നേരിട്ട് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നവയാണ്. |
| (സി) | പദ്ധതിയുടെ വിശദാംശങ്ങൾ എന്തെല്ലാം ; | (സി) | കഠിനംകുളം ടൂറിസം വികസനത്തിൽ പ്രധാനമായും ഉദ്ദേശിക്കുന്നത്, കായലോര അടിസ്ഥാനസൗകര്യങ്ങളായ ടോയിലറ്റ് ബ്ലോക്ക്, ടൂറിസ്റ്റ് ഫെസിലിറ്റേഷൻ സെന്റർ, കുട്ടികളുടെ പാർക്ക്, നടപ്പാത, ലാന്റ് സ്കേപ്പിംഗ്, വൈദ്യുതിവൽക്കരണം എന്നിവയാണ്.<br>അഷ്ടമുടി കായലിന്റെ ടൂറിസം വികസനത്തിൽ ഫെസിലിറ്റേഷൻ സെന്റർ, ബോട്ട് ജെട്ടി കെട്ടിടങ്ങൾ, ഗേറ്റ് വേ കോംപ്ലക്സ് ആഡിറ്റോറിയം, മാലിന്യ നിർമ്മാർജ്ജന യൂണിറ്റ് എന്നിവയാണ് ഉദ്ദേശിക്കുന്നത്.<br>ആലപ്പുഴ ജില്ലയിലെ കായലോര സമഗ്ര ടൂറിസം വികസന പദ്ധതി കേന്ദ്രത്തിന്റെ പരിഗണനയിലാണ്. |
| (ഡി) | പദ്ധതി നടപ്പാക്കുമ്പോൾ പുതിയൊരു കായൽ സഞ്ചാരപഥത്തിന് രൂപം നൽകുമോ ? | (ഡി) | പുതിയ കായൽ സഞ്ചാരപഥങ്ങൾക്ക് മേൽ പദ്ധതികളിൽ വിഭാവനം ചെയ്യുന്നുണ്ട്. |

സെക്ഷൻ ഓഫീസർ